മലയാള മനോരമ
ഞായറാഴ്ച
1997 മാർച്ച് 9




ചിത്രങ്ങൾ:
പി. മുസ്തഫ

# സ്വർഗത്തിലെപ്പോലെ വലിയ ഖാസിയുടെ വീട്ടിലും



കോഴിക്കോട് വലിയ ഖാസി സയ്യിദ് അഹമ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ

പി. ദാമോദരൻ

വിവാഹം സ്വർഗത്തിൽ മാത്രമല്ല വലിയ ഖാസിയുടെ വീട്ടിലും നടക്കുന്നു - നിത്യേന.

ആഴ്ചയിൽ ശരാശരി പതിനഞ്ചും ഇരുപതും നിക്കാഹുകൾ. ഖാസി പദവിയിൽ അര നൂറ്റാണ്ട് പൂർത്തിയാക്കുന്ന കോഴിക്കോട് വലിയ ഖാസി സയ്യിദ് അഹമ്മദ് ശിഹാബുദ്ദീൻഇമ്പിച്ചിക്കോയതങ്ങൾ ഗിന്നസ് റെക്കോർഡിൽ കയറിയേക്കാം. അമ്പതു വർഷത്തിനിടയിൽ പതിനായിരക്കണക്കിനു വിവാഹച്ചടങ്ങുകളുടെ കാർമികത്വം വഹിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ട് അദ്ദേഹത്തിന്.

ഇസ്ലാമിക ചര്യയനുസരിച്ചു വൈവാഹികബന്ധത്തിൽ 'നിക്കാഹാ'ണു പരമപ്രധാനം. വധുവിൻെറ രക്ഷിതാവ് അവളെ വരന് ഏൽപ്പിച്ചുകൊടുക്കുന്ന കർമം. ബാക്കിയെല്ലാം സൽക്കാരച്ചടങ്ങുകൾ. വരനും വധുവിൻെറ പിതാവോ അടുത്ത ബന്ധുക്കളോ സാക്ഷികളോടെ ഒപ്പിടുന്ന വിവാഹ ഉടമ്പടിയാണു നിക്കാഹ്.

വലിയ ഖാസി പറയുന്ന കണക്കനുസരിച്ച് ആഴ്ചയിൽ ചുരുങ്ങിയത് 15 നിക്കാഹ് എന്ന കണക്കിൽ കൂട്ടിയാൽ മാസത്തിൽ അറുപത്, കൊല്ലത്തിൽ 720. അമ്പതു കൊല്ലത്തിനിടയിൽ 36,000. ഇരുപത് എന്ന തോതിൽ കണക്കാക്കിയാൽ അഞ്ചു പതിറ്റാണ്ടിനിടയിൽ 48,000 വിവാഹങ്ങൾ. നാട്ടിൽ ഇത്രയേറെ കുടുംബജീവിതങ്ങളുടെ കെട്ടുചരടുകൾ സമ്മാനിച്ച ഖാസിയുടെ ദൗത്യം ഒരു ലോക റെക്കോർഡ് തന്നെയാവണം.


ഇതു മനക്കണക്കല്ല. വലിയ ഖാസിയുടെ ഭവനത്തിൽ തൻെറ പൂർവികർ ഉൾപ്പെടെ നടത്തിയ നിക്കാഹുകളുടെ നൂറുവർഷത്തെ റജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. അറബിയിലും അറബി - മലയാളത്തിലും മലയാളത്തിലുമായി രേഖപ്പെടുത്തിയ ഒട്ടേറെ വാല്യങ്ങളുള്ള ഈ പുസ്തകങ്ങൾ പരിശോധിച്ചാൽ സാമൂതിരിയുടെ ആസ്ഥാനത്തു കഴിഞ്ഞ നാലോ, അഞ്ചോ തലമുറകളിൽ പുഷ്പിച്ച ദാമ്പത്യ ജീവിതങ്ങളുടെ കഥയറിയാം.

ഇന്ത്യ സ്വതന്ത്രയാവുന്നതിന് അഞ്ചു മാസം മുമ്പ്, കൃത്യമായി പറഞ്ഞാൽ 1947 മാർച്ച് 17 -ന് പാണക്കാട് നിന്നുവന്ന സയ്യിദ് അഹമ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ ഖാസിയായി സ്ഥാനാരോഹണം ചെയ്ത ഉടൻ നടത്തിയ ആദ്യത്തെ നിക്കാഹ് ആരുടേതെന്നല്ലേ?

കോഴിക്കോട്ടെ ഖാൻ ബഹാദുർ ആറ്റക്കോയ തങ്ങളുടെ പുത്രി ശറീഫാ സൽമാനും കൊയിലാണ്ടി പുതിയ മാളിയേക്കൽ മുത്തുക്കോയ തങ്ങളുടെ പുത്രൻ ഹാഷിം ആറ്റക്കോയ തങ്ങളും തമ്മിൽ. ഏഴ് പവൻ 'മെഹറാ'യിരുന്നു പെൺ പണം. (സ്ത്രീധനമല്ല വരൻ, വധുവിന് അങ്ങോട്ട് നൽകുന്ന മെഹറാണു കാര്യം). കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകൾക്കിടയിൽ കോഴിക്കോട്ടും പരിസരത്തുമുള്ള പ്രമുഖരും പ്രശസ്തരുമായ ഒട്ടനവധി പേരുടെ നിക്കാഹിനു കാർമ്മികത്വം വഹിച്ചതു വലിയ ഖാസിയാണ്. ഒരേ വീട്ടിൽ നാലു തലമുറക്കാരുടെ നിക്കാഹ് നടത്താനുള്ള സൗഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

> പടാപ്പുറത്ത് അട്ടിയിട്ട ഇസ്ലാമിക ഗ്രന്ഥങ്ങളുടെയും രേഖകളുടെയും നടുവിലിരുന്ന് വിശ്വാസികളുടെ പ്രശ്നങ്ങൾക്ക് വലിയ ഖാസി കാതോർക്കുന്നു

പ്രവാചകൻ മുഹമ്മദ് നബിയുടെ നിക്കാഹ് ശവ്വാൽ മാസത്തിലാകയാൽ അനുയായികളും ശവ്വാലിൽ ജീവിതപങ്കാളിയെ കണ്ടെത്തുന്നതു പുണ്യമായി കരുതുന്നുവത്രെ. അതുകൊണ്ടു റമസാൻ വ്രതവും പെരുന്നാളും കഴിഞ്ഞുള്ള ശവ്വാലിൽ ഖാസിയുടെ വീട് നിക്കാഹിനെത്തുന്നവരെക്കൊണ്ടു നിറയും. ആഴ്ചയിലെ നല്ല മുഹൂർത്തങ്ങളായ വെള്ളിയാഴ്ച രാവിലും തിങ്കളാഴ്ച രാവിലും ഖാസിയുടെ പടാപ്പുറത്തിനു മുന്നിൽ 'എഴുത്തു കഴിക്കാനു'ള്ളവരുടെ (നിക്കാഹിനു മുസ്ലിംകൾക്കിടയിലുള്ള മറ്റൊരു പദപ്രയോഗമാണ് എഴുത്തു കഴിക്കൽ) നീണ്ടനിര പ്രത്യക്ഷപ്പെടും.



എത്രയെത്ര വർഷങ്ങളുടെ ചരിത്രം! : വലിയ ഖാസി നിക്കാഹ് പുസ്തകം പരിശോധിക്കുന്നു

ദാമ്പത്യത്തിൽ താൻ ആശീർവദിച്ചയച്ചവരെ പിൽക്കാലത്തു ജീവിതത്തിലെ താളപ്പിഴകളും പരസ്പര വിശ്വാസമില്ലായ്മയും കാരണം മൊഴിചൊല്ലാൻ അനുവാദം നൽകിയ ഖേദകരമായ അനുഭവവും അദ്ദേഹത്തിനുണ്ട്. അത്തരം 'കടുംകൈ' ചെയ്യാൻ തയാറായിവരുന്നവരെ ഉപദേശിച്ചും സ്നേഹം ചൊരിഞ്ഞും ഒന്നിച്ചുനിർത്തിയ ഓർമകളുമുണ്ട്.

തൻെറ നിർബന്ധത്തിനു വഴങ്ങി തീരുമാനം മാറ്റി കൂടുതൽ കെട്ടുറപ്പോടെ ജീവിതം നയിക്കാൻ തയാറായവർ പലരുണ്ടെന്നു വലിയ ഖാസി പറയുന്നു.

നിക്കാഹിനെന്നപോലെ തന്നെ കുടുംബത്തിൽ കുഞ്ഞു ജനിച്ചാൽ നല്ല പേരു തേടിയും ദമ്പതികൾ ഖാസിയെ സമീപിക്കുന്നു. മുസ്ലിം പേരുകളുടെ ഒരു വലിയ നിഘണ്ടു അദ്ദേഹം സൂക്ഷിക്കുന്നുണ്ട്.

മലപ്പുറം ജില്ലയിലെ പാലക്കാട്ടുനിന്നു ജീവിതം കോഴിക്കോട്ടേയ്ക്കു പറിച്ചുനടും മുമ്പ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളുടെ മനസ് അങ്ങ് ബർമ്മയിലായിരുന്നു. അക്കാലത്തെ പല മുസ്ലിം യുവാക്കളും ആഗ്രഹിക്കുന്നതുപോലെ റങ്കൂണിൽ വല്ല കച്ചവടവും ചെയ്തു നാലുകാശ് ഉണ്ടാക്കാമെന്ന് അദ്ദേഹവും ആഗ്രഹിച്ചു. പക്ഷേ, കോഴിക്കോട്ടെത്തി മുസ്ലിംകളുടെ ആത്മീയ നേതൃത്വം ഏറ്റെടുക്കാനായിരുന്നു ദൈവനിയോഗം.

അങ്ങനെ നാട്ടിൻെറ സ്വാതന്ത്ര്യ പൊൻപുലരിയുടെ ഏതാനും മാസങ്ങൾക്ക് 24-ാമത്തെ വയസിൽ കേരളത്തിൽ ഇസ്ലാംമതം വേരോടിയ പ്രധാന തീരങ്ങളിലൊന്നായ കോഴിക്കോട്ട് സയ്യിദ് അഹമ്മദ് ശിഹാബുദ്ദീൻഇമ്പിച്ചിക്കോയതങ്ങൾ ഖാസിയായി ചാർജെടുത്തു. സ്ഥാനം ഏറ്റെടുക്കുമ്പോൾ അദ്ദേഹം രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ ഖാസിയായിരുന്നു.

വണ്ടൂരിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നാട്ടിൽ രണ്ടു പതിറ്റാണ്ടു നീണ്ട മതപഠനവും പൂർത്തിയാക്കി പാണക്കാട്ട് ഭാര്യയും കടിഞ്ഞൂൽ കുഞ്ഞുമായി കഴിയുമ്പോഴാണു തങ്ങൾക്കു കോഴിക്കോട്ടേയ്ക്കു പോരാനുള്ള സാഹചര്യമുണ്ടായത്. 'വലിയ ഭാഗ'ത്തിൻെറ

2

# മനസുപോലെ തന്നെ തൂവെള്ള വേഷവും

1 ഖാസിയും ഭാര്യയുടെ അമ്മാവനുമായ ഇസാപ്പളകത്തു സയ്യിദ് അലിബീൻ ഹുസൈൻ ഇമ്പിച്ചിക്കോയ തങ്ങൾ മരണപ്പെട്ടു. ആ സ്ഥാനമേറ്റെടുക്കാൻ യുവാവായ ഇമ്പിച്ചിക്കോയ തങ്ങളോടു സമുദായം ആവശ്യപ്പെടുകയായിരുന്നു.


ബർമ്മയിൽ തൻെറ ബന്ധുകൂടിയായ കൊയിലാണ്ടിയിലെ സയ്യിദ് ഹാഷിം ബാഫക്കി തങ്ങളുടെകൂടെ (യശശ്ശരീരനായ സയ്യിദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങളുടെ സഹോദരൻ) അരിക്കച്ചവടത്തിൽ ഏർപ്പെടാനുള്ള ആഗ്രഹം ഉപേക്ഷിച്ച് കോഴിക്കോട്ടു വന്നു. കുറ്റിച്ചിറ ജുമുഅത്ത് പള്ളിയിൽ മുസ്ലിം പൗരപ്രധാനികളുടെ സാന്നിദ്ധ്യത്തിൽ ആയിരുന്നു സ്ഥാനാരോഹണം.

അരനൂറ്റാണ്ടു കാലമായി കോഴിക്കോട്ടെ മുസ്ലിം സമുദായത്തിൻെറ സർവതോമുഖമായ വളർച്ചയ്ക്കും വിശ്വാസദാർഢ്യത്തിനും സാക്ഷിയായ ഈ എഴുപത്തഞ്ചുകാരനു ഖാസി സ്ഥാനത്തു താൻ പിന്നിട്ട അര നൂറ്റാണ്ടിൻെറ ഓർമകൾക്കു തിളക്കമേറെ. ചാലിയം ഖാസിമാരുടെ നിയന്ത്രണത്തിലായിരുന്ന കോഴിക്കോടിനു പ്രാദേശിക വിധികർത്താക്കളായിവന്ന ഖാസി പരമ്പരയുടെ 'വലുപ്പം' നിലനിർത്തിപ്പോരുന്നഇമ്പിച്ചിക്കോയ തങ്ങൾ മതകാര്യങ്ങളിൽ കടുത്ത നിഷ്ഠയും നിശ്ചയദാർഢ്യവും പുലർത്തിപ്പോരുമ്പോൾ തന്നെ മിതഭാഷിയാണ്. വിനയവും സൗമ്യഭാവവുംകൊണ്ട് ഇതര മതസ്ഥരുടെകൂടി സ്നേഹാദരവുകൾ സമ്പാദിച്ച അദ്ദേഹം ഏതു പ്രശ്നത്തിലും സൗഹൃദത്തിൻെറയും സമന്വയത്തിൻെറയും പാത പിൻതുടരണമെന്ന നിർബന്ധക്കാരനാണ്.

മതകാര്യങ്ങളിൽ മാത്രമല്ല, കേരള രാഷ്ട്രീയത്തിലും ഔന്നത്യം സ്ഥാപിച്ചുപോന്ന പാണക്കാട് പി. എം. എസ്. എ. പൂക്കോയതങ്ങളുടെ പിതൃസഹോദര പുത്രനായഇമ്പിച്ചിക്കോയതങ്ങൾക്കു രാഷ്ട്രീയത്തിൽ പ്രകടമായ ആഭിമുഖ്യമൊന്നുമില്ലെങ്കിലും രാഷ്ട്രീയത്തിൽ കാലുറപ്പിച്ചവർ പലരും അദ്ദേഹത്തിൻെറ ഉപദേശങ്ങൾക്കു കാതോർക്കാറുണ്ട്. ഇടിയങ്ങര 'അപ്പവാണിഭ'ത്താൽ പ്രസിദ്ധമായ ഷേക്കിൻെറ പള്ളിക്കു സമീപം അദ്ദേഹത്തിൻെറ വസതിയിൽ ആളൊഴിഞ്ഞ നേരമില്ല.

നിക്കാഹിനു മാത്രമല്ല കുടുംബപ്രശ്നങ്ങൾ തീർക്കാനും സ്വത്തുതർക്കങ്ങൾ പരിഹരിക്കാനും വിവാഹ സർട്ടിഫിക്കറ്റുകൾക്കും കുട്ടികൾക്കു പേര് കണ്ടെത്താനും മനഃപ്രയാസങ്ങൾക്കു പരിഹാരം തേടിയും മതകാര്യങ്ങളിലെ സംശയങ്ങൾ തീർക്കാനും എന്നുവേണ്ട ഇസ്ലാമിക ജീവിതചര്യയുമായി ബന്ധപ്പെട്ട സർവകാര്യങ്ങൾക്കും ഉപദേശ നിർദേശങ്ങൾ തേടിയെത്തുന്നവരുടെ നീണ്ടനിര ഖാസി ഭവനത്തെ സജീവമാക്കുന്നു. പുലർച്ചെ 'സുബ്ഹി' നമസ്കാരത്തിനു മുമ്പ് ഉണരുന്ന അദ്ദേഹം തിരക്കുകാരണം ഉറങ്ങുന്നതു മിക്കപ്പോഴും വൈകി മാത്രം. ഇതിനിടയിൽ മതഗ്രന്ഥങ്ങൾ വായിക്കാനും മതപരമായ വിഷയങ്ങൾ എഴുതാനും ചില ഗ്രന്ഥങ്ങൾ രചിക്കാനും സമയം കണ്ടെത്തും.

ഭിന്നമതങ്ങൾ കൈകോർത്തുനിൽക്കുന്ന കോഴിക്കോട്ട് ഇസ്ലാമിക ദർശനങ്ങൾ മുറുകെ പിടിച്ചുതന്നെ മതസൗഹാർദ്ദത്തിൻെറ സദ്ഫലങ്ങൾക്കു വിളയൊരുക്കാനും അദ്ദേഹം ശ്രദ്ധിച്ചുപോന്നു. മാത്രമല്ല, സ്വസമുദായത്തിൽ തന്നെയുള്ള വ്യത്യസ്ത വീക്ഷണഗതിക്കാർക്കു യോജിപ്പിൻെറ മേഖലകൾ തുറന്നു കൊടുക്കാനും സാധിച്ചു. കുറ്റിച്ചിറയുടെ ഇരു കരകളിൽ ചരിത്രത്തിൻെറയും പാരമ്പര്യത്തിൻെറയും പെരുമകൾ പൊഴിയുന്ന ജുമുഅത്ത് പള്ളിയും മിസ്ക്കാൽ പള്ളിയും കേന്ദ്രമാക്കി രണ്ടു ഖാസിമാരുടെ ഭരണം വരാനിടയായ പൂർവ ചരിത്രത്തിൽ മറവിയുടെ ചിതമ്പലുകൾ വീണു.



വലിയഖാസി പഴയ രേഖകൾക്കു നടുവിൽ

പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന മുഹ്യുദ്ദീൻ മൂന്നാമൻ എന്ന കുഞ്ഞീദിൻകുട്ടി ഖാസിയുടെ പുത്രൻ കിൽസിങ്ങാൻറകത്ത് അബൂബക്കർകുഞ്ഞി ജുമുഅത്ത് പള്ളിയിൽ ഖാസിയായി അവരോധിക്കപ്പെട്ടപ്പോൾ (1861) മറ്റൊരു സഹോദരൻ ആലിക്കോയ ഖത്തീബ് മിസ്ക്കാൽ പള്ളിയിലെ കാര്യങ്ങൾ നടത്തിപ്പോന്നു. ഇതോടെയാണു കോഴിക്കോട്ടു രണ്ടു ഖാസിമാർ ഉണ്ടായതെന്നാണു ചരിത്രം.

മതവും സംസ്കാരവും ആചാരവും ഭാഷയുമെല്ലാമൊന്നായിട്ടും അയൽപക്കങ്ങൾ 'വലിയ ഭാഗ'മെന്നും, 'ചെറിയ ഭാഗ'മെന്നും മുട്ടുള്ളവരെന്നും മുട്ടില്ലാത്തവരുമെന്നുമുള്ള ചേരിതിരിവിൽ അകന്നുപോയവരെ ഒരുമിച്ചു നിർത്തുന്നതിൽ ഖാസി നാലകത്ത് മുഹമ്മദുകോയ ഹാജിയോടൊപ്പം തോൾ ചേർന്നു നിൽക്കാൻ വലിയ ഖാസിക്കു സാധിച്ചു. അതിൻെറ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണു ശവ്വാൽ മാസപ്പിറവി സംബന്ധിച്ച് ഈയിടെ ഉണ്ടായ വിവാദത്തിൽ ഇരുവരും സ്വീകരിച്ച കൂട്ടായ തീരുമാനം.

രണ്ടു തവണ ഹജ്കർമ്മം നിർവഹിച്ചിട്ടുള്ള വലിയ ഖാസി പല തവണകളായി ഏതാണ്ട് കാൽനൂറ്റാണ്ടുകാലം ഹജ് കമ്മിറ്റിയിൽ അംഗമായിരുന്നിട്ടുണ്ട്. കേരള വഖഫ് ബോർഡ് ചെയർമാനായിരുന്നു. മുതവല്ലികൾക്കു വീടുവയ്ക്കാനും മറ്റും സാമ്പത്തികസഹായം നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയത് അക്കാലത്താണ്. ഖാസിമാരുടെ സംഘടനയായ ജംഇയ്യത്തുൽ ഖുദാസിയുടെ അധ്യക്ഷൻ, കോഴിക്കോട്ടെ തർബിയത്തുൽ ഇസ്ലാം സഭയുടെ പ്രസിഡൻറ്, കേരള ശരിഅത്ത് സംരക്ഷണസമിതി പ്രസിഡൻറ് എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചുവരുന്നു.

മനസുപോലെതന്നെ തൂവെള്ളയിലാണു ഖാസിയുടെ വേഷവും. പടാപ്പുറത്ത് അട്ടിയിട്ട ഇസ്ലാമിക ഗ്രന്ഥങ്ങളുടെയും രേഖകളുടെയും നടുവിലിരുന്നു ക്ഷമയോടെ വിശ്വാസികളുടെ പ്രശ്നങ്ങൾക്ക് അദ്ദേഹം കാതോർക്കും. തലയ്ക്കു മുകളിൽ ഖാസിയോളം പ്രായമുള്ള 'ഉറൂബ്' സമയം (സൂര്യാസ്തമനം ആറു മണിക്ക് എന്നു കാണിക്കുന്നു) കാണിക്കുന്ന ഒരു ക്ലോക്ക്. പിതാവ് മതപണ്ഡിതൻ കൂടിയായിരുന്ന സയ്യിദ് അബ്ദുല്ലക്കോയതങ്ങൾ വിദേശത്തുനിന്നു കൊണ്ടുവന്നു നൽകിയ ഈ നാഴികമണിയെ സാക്ഷിനിർത്തി കോഴിക്കോട് താലൂക്കിലെയും മുന്നൂറോളം മഹലുകളിലെയും ഇസ്ലാംമത വിശ്വാസികളുടെ നാഡിമിടിപ്പ് അദ്ദേഹം അറിയുന്നു. സ്വാതന്ത്ര്യത്തിൻെറ സുവർണജൂബിലി വർഷത്തിൽ വലിയ ഖാസിക്കും താൻ വഹിച്ചുപോന്ന സ്ഥാനത്തിൻെറ ജൂബിലി സ്മരണകൾ.

Mal. Manorama Dt. 10.3.'97

# എല്ലാവർക്കും സാന്ത്വനം പകർന്ന് കാർമികത്വത്തിന്റെ അരനൂറ്റാണ്ട്

സ്വന്തം ലേഖകൻ



◀ സെയ്യിദ് അഹമ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ

കോഴിക്കോട്: കോഴിക്കോട് വലിയഖാസി സെയ്യിദ് അഹമ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ കാർമികത്വത്തിന്റെ അരനൂറ്റാണ്ട് തികയ്ക്കുന്നു. സമുദായത്തിലെ തർക്കവിഷയങ്ങൾക്ക് മാധ്യസ്ഥ്യവും സംശയങ്ങൾക്ക് മറുപടിയും 75 പിന്നിട്ട ഈ പണ്ഡിതശ്രേഷ്ഠൻ തന്നെ. വിഭിന്നതകൾ പുകഞ്ഞപ്പോഴെല്ലാം മുസ്ലിംസമുദായം ഒരുമ നേടിയത് വലിയ ഖാസിയുടെ തണലിലാണ്. ഇവിടെ നിന്ന് എല്ലാവർക്കും മനസു നിറയെ സാന്ത്വനം നേടാം.

ഈസ്റ്റാപ്പളകത്ത് ഇമ്പിച്ചിക്കോയ തങ്ങളുടെ മരണശേഷം 1947 മാർച്ച് 17–നാണ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ കുറ്റിച്ചിറ ജുമഅത്ത് പള്ളിയിൽ വലിയ ഖാസിയായി സ്ഥാനമേറ്റത്. ഖാസിയാവുന്നതിന് മുമ്പും പിമ്പും ആഴത്തിലുള്ള മതപഠനമുണ്ടായിരുന്നു. കോടതിപോലും തർക്കവിഷയങ്ങളിൽ അഭിപ്രായമാരായാൻ വലിയ ഖാസിയെ വിളിച്ചിരുന്നു.

24–ാം വയസ്സിൽ വലിയഖാസിയായ ഇമ്പിച്ചിക്കോയതങ്ങൾ ഇതുവരെയും തർക്കങ്ങൾക്കും വിവാദങ്ങൾക്കും വക നൽകിയിട്ടില്ല. സൗമ്യമായി തർക്കങ്ങളൊതുക്കാനാണ് അദ്ദേഹത്തിന് താല്പര്യം.

എന്നാൽ ഈയിടെ പെരുന്നാൾ നിശ്ചയത്തെക്കുറിച്ച് ബേപ്പൂർ ഖാസി, വലിയഖാസിയെ വിമർശിക്കുകയുണ്ടായി. ഇതേക്കുറിച്ച് വലിയഖാസി പറയുന്നു. ഉണ്ടാവാൻ പാടില്ലാത്തത് ഉണ്ടാവുമ്പോൾ തർക്കങ്ങൾ ചുരുങ്ങിയ നിലയിൽ ഒതുക്കി നിർത്തണം. അതൊന്നും വിവാദമാവേണ്ട കാര്യമില്ല.

മുസ്ലിം സമുദായത്തിൽ തർക്കവിഷയങ്ങൾ ഒന്നിലേറെയാണിപ്പോൾ. സ്ത്രീകളുടെ പള്ളിപ്രവേശം അതിലൊന്ന്. ഇതേക്കുറിച്ച് വലിയ ഖാസി പറയുന്നു. മതാചാരങ്ങൾ ആരേയും അടിച്ചേല്പിക്കേണ്ടതല്ല. എല്ലാം പറഞ്ഞുകൊടുക്കുക. ഇഷ്ടമുള്ളവർ സ്വീകരിക്കട്ടെ. സ്ത്രീയും പുരുഷനും കൂടി പള്ളിയിൽ പോയാൽ പിന്നെ വീട്ടിലെ കാര്യങ്ങൾ ആരു നോക്കും? സ്ത്രീക്ക് വിദ്യാഭ്യാസം അനിവാര്യമാണ്. പക്ഷെ, സ്ത്രീ ഇന്നത്തെ പരിതസ്ഥിതിയിൽ സുരക്ഷിതയല്ല. അതിനാലാണ് അടുത്ത ബന്ധുക്കളുടെ തുണവേണമെന്നു പറയുന്നത്.

ഖാസിയായി സ്ഥാനമേറ്റ കാലത്ത് ഇമ്പിച്ചിക്കോയതങ്ങളുടെ മുന്നിലുണ്ടായിരുന്ന മുസ്ലിം സമുദായമല്ല ഇന്നത്തേത്. ജീവിതരീതിയിൽ ഒട്ടേറെ മാറ്റമുണ്ടായിരിക്കുന്നു. വിദ്യാഭ്യാസം കൂടുതൽ പ്രചരിച്ചു. കുറ്റിച്ചിറ പോലും മാറിപ്പോയി.

''വിദ്യാഭ്യാസം അനിവാര്യമായ ഒന്നാണ്. 'വായിക്കുക' എന്നതാണ് നബിയുടെ ആദ്യസന്ദേശം''.

(ശേഷം 8–ാം പേജ് 6–ാം കോളം)

മാതൃഭൂമി Dt: 9.3.'97

## കാർമികത്വത്തിന്റെ അരനൂറ്റാണ്ട്

(1–ാം പേജ് 8–ാം കോളം തുടർച്ച)

അരനൂറ്റാണ്ടുകാലത്തെ ഖാസി പദവിയിൽ അര ലക്ഷത്തിലേറെ വി

വാഹച്ചടങ്ങുകൾക്ക് കാർമികത്വം വഹിക്കാൻ വലിയഖാസിക്ക് കഴിഞ്ഞു.

ഖിലാഫത്ത് നേതാവും ഭാര്യാപിതാവുമായ ഹൈദ്രോസ് കുഞ്ഞിക്കോയതങ്ങളായിരുന്നു വലിയഖാസിയുടെ വിവാഹത്തിന് കാർമികൻ. ബ്രിട്ടീഷുകാർക്കെതിരായ സമരത്തിൽ വിദേശ വസ്ത്രങ്ങൾ അഗ്നിയിലെരിച്ചയാളാണ്. ഹൈദ്രോസ് കുഞ്ഞിക്കോയതങ്ങൾ.

1922 മാർച്ച് 10–ന് മലപ്പുറത്ത് പാണക്കാട്ടാണ് ഇമ്പിച്ചിക്കോയ ത

ങ്ങൾ ജനിച്ചത്. യുനാനി ചികിത്സകനും മതപണ്ഡിതനുമായ സയ്യിദ് അബ്ദുള്ളക്കോയതങ്ങളാണ് പിതാവ്. മണ്ണാർക്കാട് ഭീമനാട്ടുള്ള ബഹിയ്യ ബീവി മാതാവും. അറബി, മലയാളം ഭാഷകളിലായി ആയിരത്തോളം ലേഖനങ്ങളും ഒരു വിലാപകാവ്യവും ഇദ്ദേഹം എഴുതിയിട്ടുണ്ട്. സൈനബ മുത്തുബീവിയാണ് ഭാര്യ. എട്ടു മക്കൾ. അഞ്ചു തവണ ഹജ്ജ് നിർവഹിച്ചിട്ടുണ്ട്. യു.എ.ഇ. ഖത്തർ, മസ്കത്ത്, കുവൈത്ത്, സൗദി, മലേഷ്യ, സിങ്കപ്പൂർ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.